ച്ചിട്ടുണ്ട്. പുരാതനമായ കെട്ടിടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയെ സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 50 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഇത്തരം ഭവനങ്ങൾ ടൂറിസ്റ്റുകൾക്ക് താമസസൗകര്യമൊരുക്കുന്നതിനായി രൂപപ്പെടുത്തുന്നതിന് 'ഗൃഹസ്ഥലി' പദ്ധതിയിലൂടെ ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകും. ഇതിന് സബ്സിഡിയും നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇരുപതോളം അപേക്ഷകൾ ടൂറിസം ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ ഇതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവ് ഉണ്ടായിട്ടില്ല.

116 (2302) പിൽഗ്രിം ടൂറിസം

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എത്തുന്ന കോടിക്കണക്കിന് തീർത്ഥാടകരെ കൂട്ടിയിണക്കി 'പിൽഗ്രിം ടൂറിസം' പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ എത്തുന്ന തീർത്ഥാടകരെ ഒരു ദിവസംകൂടി കേരളത്തിൽ തങ്ങുവാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ പച്ചക്കാനം, ഗവി, പെരുംതേനരുവി മേഖലകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ തയ്യാറാകുമോ;

(സി) പ്രസ്തുത പ്രദേശത്തെ എക്കോ-ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 'പിൽഗ്രിം ടൂറിസം' വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ എരുമേലിയിൽ ഒരു തീർത്ഥാടനസൗകര്യം ഒരുക്കുന്നതിനുവേണ്ടി 1,15,37,000/- രൂപയുടെ പദ്ധതി നിലവിലുണ്ട്. ആദ്യ ഗഡുവായി 31,45,000/- രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പ്രാരംഭനടപടികൾ കൈക്കൊള്ളേണ്ടത്.

(സി) ഇപ്പോൾ തെന്മല കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുള്ള എക്കോ ടൂറിസം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ ഇക്കാര്യവും പരിശോധിക്കാവുന്നതാണ്.

117 (2303) സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകൾ

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ വകയിൽ സംസ്ഥാനത്തിനുണ്ടായ നേട്ടം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1998ൽ, 1,80,995 (ഒരു ലക്ഷത്തി എൺപതിനായിരിത്തി തൊള്ളായിരിത്തി തൊണ്ണൂറ്റി അഞ്ച്, വിദേശി വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായി കണക്കാക്കപ്പെടുന്നു. ഈ വകയിൽ 300 കോടി രൂപാ വരുമാനം ലഭിച്ചതായി താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കുന്നു.

118 (2304) കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.യുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) എത്ര നക്ഷത്രഹോട്ടലുകൾ ഓപ്പറേറ്റു ചെയ്യുന്നു; അവ ഏതെല്ലാം;

(സി) അവയിലെ മറ്റു സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇവയിലൊട്ടാകെ എത്ര സ്ഥിരം ജീവനക്കാർ പ്രവർത്തിക്കുന്നു;

(ഇ) താൽക്കാലിക ജോലിക്കാരായി എത്ര പേരുണ്ട്;

(എഫ്) കെ.ടി.ഡി.സി.യിലെ ഓരോ കാറ്റഗറിയിലേയും നിയമനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി. ഇപ്പോൾ 14 ഹോട്ടലുകൾ, 5 യാത്രിനിവാസുകൾ, 14 മോട്ടലുകൾ, 37 റസ്റ്റോറന്റ് ആന്റ് ബിയർ പാർലറുകൾ, 4 റസ്റ്റോറന്റുകൾ, 2 ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ എന്നിവ നടത്തുന്നു. കൂടാതെ, മൂന്നാറിൽ ഒരു പുതിയ ഹോട്ടൽ നിർമ്മിക്കുകയും ബോൾഗാട്ടി പാലസ് ഹോട്ടൽ, കുമരകം ടൂറിസ്റ്റ് കോംപ്ലക്സ്, മസ്കറ്റ് ഹോട്ടൽ എന്നീ സ്ഥാപനങ്ങൾ വിപുലമാക്കുകയും ഉയർന്ന സ്റ്റാർ ക്ലാസിഫിക്കേഷനിലേക്ക് ആക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. കന്യാകുമാരി, ചെന്നൈ, ബേക്കൽ എന്നീ സ്ഥലങ്ങളിൽ ഹോട്ടലുകൾ നിർമ്മിക്കാനും കൂടുതൽ ലക്ഷ്വറി കോച്ചുകളും ബോട്ടുകളും വാങ്ങാനും ഉദ്ദേശമുണ്ട്. ഇതു കൂടാതെ വിനോദ സഞ്ചാരികൾക്കായി കണ്ടക്ടഡ് ടൂറുകളും നടത്തുന്നുണ്ട്.

(ബി) 8 എണ്ണം.

(1) മസ്ക്കറ്റ് ഹോട്ടൽ, തിരുവനന്തപുരം

(2) ഹോട്ടൽ സമുദ്ര, കോവളം, തിരുവനന്തപുരം

(3) അരണ്യ നിവാസ്, തേക്കടി

(4) ലെയ്ക് പാലസ്, തേക്കടി

(5) പെരിയാർ ഹൗസ്, തേക്കടി

(6) ബോൾഗാട്ടി പാലസ് ഹോട്ടൽ, കൊച്ചി

(7) ഹോട്ടൽ ചൈത്രം, തിരുവനന്തപുരം

(8) ഗാർഡൻ ഹൗസ്, മലമ്പുഴ

LIBRARY ARCHIVES Kerala Legislative Assembly